"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനിക്ക് ലഭ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസ്സലുകൾ തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും അപ്രകാരം തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ അവലോകനം നടത്തുന്നതിനുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ. എം.)വകുപ്പ്**

സ.ഉ.(സാധാ) നം.2473/2025/LSGD തീയതി,തിരുവനന്തപുരം, 10-10-2025

---

പരാമർശം:- 1. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 18.08.2025-ലെ CKCL/ 506/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം സമർപ്പിച്ച കത്തിൽ 18.06.2025 ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടന്ന കമ്പനിയുടെ 45-ാമത് ബോർഡ് യോഗത്തിന്റെ x(5) നമ്പർ തീരുമാന പ്രകാരം നിലവിൽ കമ്പനിക്ക് ലഭ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും പ്രൊപ്പോസ്സലുകൾ തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും അപ്രകാരം തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ അവലോകനം നടത്തുന്നതിനുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ് എന്നും ഈ സാഹചര്യത്തിൽ ഇത് പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ കേരള കമ്പനിക്ക് ലഭ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസ്സലുകൾ തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും അപ്രകാരം തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ അവലോകനം

നടത്തുന്നതിനുമായി ഒരു ടെക്നിക്കൽ കമ്മിറ്റിയും ചുവടെ ചേർക്കുംപ്രകാരം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

| ക്രമ നം | പേരും ഔദ്യോഗിക സ്ഥാനപ്പേരും | കമ്മിറ്റി ചുമതല |
|---|---|---|
| 1. | ശ്രീമതി. അനുപമ ടി വി ഐ.എ.എസ് , സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | ചെയർപേഴ്സൺ |
| 2. | ശ്രീ. യു.വി.ജോസ് ഐ.എ.എസ്(റിട്ട:), എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ | കൺവീനർ |
| 3. | ശ്രീ.ജഗജീവൻ.എൻ,കൺസൾട്ടന്റ്, ശുചിത്വമിഷൻ | അംഗം |
| 4. | ശ്രീ.കേശവൻ നായർ, ടെക്നിക്കൽ കൺസൾട്ടന്റ്, KPMG | അംഗം |
| 5. | എഞ്ചിനീയേഴ്സ്, സി.കെ.സി.എൽ | അംഗം |
| 6. | ശ്രീ.ശ്രീജിത്ത്.എൽ.കെ, പ്രോജക്റ്റ് മാനേജർ, സി.കെ.സി.എൽ | അംഗം |

**അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചുമതല:**

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനത്തിന്റെ വിപുലീകരണത്തിനും പ്രവർത്തന മേഖലയുടെ വൈവിധ്യവൽക്കരണത്തിനും ആവശ്യമായ പദ്ധതികൾ തിരഞ്ഞെടുക്കേണ്ടതാണ്.

കൂടാതെ, ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനത്തിന്റെ വിപുലീകരണത്തിനും പ്രവർത്തന മേഖലയുടെ വൈവിധ്യവൽക്കരണത്തിനും ആവശ്യമായ പദ്ധതികളുടെ സാങ്കേതികതല വിശദാംശങ്ങൾ, പ്രവർത്തന രീതികൾ, സാമ്പത്തിക വിശകലനം എന്നിവയുൾപ്പെടെയുള്ളവ വിലയിരുത്തുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി, ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തി, രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

## ടെക്നിക്കൽ കമ്മിറ്റി

| ക്രമ നം | പേരും ഔദ്യോഗിക സ്ഥാനപ്പേരും | ചുമതല |
|---|---|---|
| | ശ്രീ. യു.വി.ജോസ് ഐ.എ.എസ്(റിട്ട:), എക്സിക്യൂട്ടീവ് ഡയറക്ടർ | |

| | | |
|---|---|---|
| 1. | [illegible]<br>ശുചിത്വമിഷൻ | ചെയർപേഴ്സൺ |
| 2. | ശ്രീ.ജി കെ സുരേഷ്കുമാർ ,എം ഡി,ക്ലീൻ കേരള കമ്പനി | കൺവീനർ |
| 3. | ഡോ.എസ് രാജേഷ്കുമാർ, സെന്റർ ഹെഡ് C-MET, തൃശ്ശൂർ | അംഗം |
| 4. | മലിനീകരണ നിയന്ത്രണ ബോർഡ് നോമിനി | അംഗം |
| 5. | ശ്രീ.പ്രവീൺജിത് കെ പുരയിൽ, ഹെഡ് റീജിയണൽ ഫെസിലിറ്റീസ് , KSWMP | അംഗം |
| 6. | ശ്രീ.ജഗജീവൻ.എൻ, കൺസൾട്ടന്റ്, ശുചിത്വമിഷൻ | അംഗം |
| 7. | ശ്രീ.കേശവൻ നായർ, ടെക്നിക്കൽ കൺസൾട്ടന്റ്, KPMG | അംഗം |
| 8. | എഞ്ചിനീയേഴ്സ്, സി.കെ.സി.എൽ | അംഗം |
| 9. | ശ്രീ.ശ്രീജിത്ത്.എൽ.കെ, പ്രോജക്ട് മാനേജർ, സി.കെ.സി.എൽ | അംഗം |
| 10. | ശ്രീ. വിനോദ് നായർ, കൺസൾട്ടന്റ്, സി.കെ.സി.എൽ | അംഗം |

<u>ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലകൾ</u>

1. കമ്പനിയുടെ പ്രൊപ്പോസ്സൽ പരിശോധിച്ച് അതിന്റെ സാങ്കേതികവും സാമ്പത്തികവുമായ യോഗ്യത വിലയിരുത്തുക
2. റീസൈക്ലിംഗും, റീഫർബിഷിംഗും ഉൾപ്പെടുന്ന നിർദ്ദേശിക്കപ്പെട്ട സംവിധാനങ്ങളുടെ പ്രായോഗികത പരിശോധിക്കുക.
3. വരുമാനമാർഗ്ഗങ്ങൾ, ചെലവുകളും ലാഭവുമുള്ള പ്രവർത്തന മാതൃക പരിശോധിക്കുക.
4. പദ്ധതി നടപ്പാക്കുന്നതിനുള്ള മുടക്കുമുതലും ഭാവിയിലെ ചെലവുകളും വിലയിരുത്തുക.
5. പ്ലാന്റിന്റെ പ്രവർത്തനം പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുക.
6. പദ്ധതി സംബന്ധിച്ച് നിയമാനുസൃത കാര്യങ്ങൾ, അനുമതികൾ, അനുബന്ധ നിയന്ത്രണങ്ങൾ എന്നിവ വിലയിരുത്തുക.
7. സംസ്ഥാന സർക്കാർ, ശുചിത്വമിഷൻ, KSWMP, മലിനീകരണ നിയന്ത്രണ ബോർഡ്, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയുമായി ഒത്തുനോക്കി പദ്ധതി നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

8. നിർദ്ദേശിച്ച ടെക്നോളജി നിലവിലെ സാഹചര്യത്തിൽ യോജിക്കുന്നതാണോ എന്ന് പരിശോധിക്കുക.

9. നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള ഉപാധികളോടെ റിപ്പോർട്ടുകൾ തയ്യാറാക്കുക.

10. ആവശ്യമാണെങ്കിൽ, പദ്ധതിയിൽ ആവശ്യമായ പരിവർത്തനങ്ങൾ ശിപാർശ ചെയ്യുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

കമ്മിറ്റി അംഗങ്ങൾക്ക് (ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ മുഖാന്തിരം )

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രൊജക്റ്റ് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി

മെമ്പർ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്)കേരളം തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 10-10-2025 17:06:42
സെക്ഷൻ ഓഫീസർ